LIBRARY ARCHIVES Kerala Legislative Assembly

എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്. വനാധിഷ്ഠിത സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും അവരുടെ സാമ്പത്തികാഭിവൃത്തിയും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

(സി) വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം വകുപ്പ്.

(ഡി) വനമേഖലയിലുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങളാണ് വിവിധ ഇക്കോടൂറിസം പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കുന്നത്. സഞ്ചാരികൾക്ക് തടസ്സം കൂടാതെ എത്തിച്ചേരാനുള്ള സൗകര്യം കണക്കിലെടുത്ത് പ്രകൃതിയുടെ ആവാസ വ്യവസ്ഥയെ പ്രത്യക്ഷമായോ, പരോക്ഷമായോ ക്ഷതമേൽപ്പിക്കാൻ സാധ്യതയില്ലാത്ത സ്ഥലങ്ങൾ മാത്രമാണ് ഇക്കോടൂറിസം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. അതുപോലെതന്നെ വനാധിഷ്ഠിത സമൂഹത്തിന് പ്രയോജനം ലഭിക്കത്തക്കവിധം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സ്ഥലങ്ങളും പരിഗണിക്കപ്പെടുന്നു.

ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടം

12 (*222) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും, പരിഹാരവും സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. വർക്കല കഹാർ എം.എൽ.എ. ചെയർമാനായും ലേബർ കമ്മീഷണർ കൺവീനറായും കേന്ദ്ര ട്രേഡ് യൂണിയനുകളിൽ നിന്നും ഓരോ പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഒരു സമിതിയെ നിയോഗിച്ചിരുന്നു.

(ബി&സി) ഉണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. *

(ഡി) ചുമട്ടു തൊഴിൽ മേഖലയിലെ പൊതുവായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും, ചുമട്ടു തൊഴിൽ മേഖലയിലെ നോക്കുകൂലി, അമിതകൂലി, തൊഴിലാളികൾക്ക് മതിയായ തൊഴിൽ സംരക്ഷണം, ന്യായമായ കൂലി എന്നീ വിഷയങ്ങളാണ് കമ്മിറ്റി പഠന വിധേയമാക്കിയത്.

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത കാർഡ് കൈവശം വെയ്ക്കുക, 26 എ കാർഡ് ദുരുപയോഗം ചെയ്യുന്നതു തടയുവാൻ ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുക, സ്റ്റാറ്റേർഡ് വിഭാഗം ചുമട്ടു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക, കൂലി ഏകീകരിക്കാത്ത ജില്ലകളിൽ ആയത് ഉടൻ നടപ്പിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുക എന്നീ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

വിസ ഓൺ അറൈവൽ സംവിധാനം

13 (*223) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly